# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ജി എൽ പി എസ് മാടക്കാൽ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി എൽ പി എസ് മാടക്കാൽ |
| വിലാസം | : | മാടക്കാൽ<br>ഉടുമ്പുന്തല ( പി ഒ )<br>കാസർഗോഡ് ( ജില്ല )<br>പിൻ 671311 |
| ഫോൺ | : | 04672 270097 |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| വില്ലേജ് | : | വലിയപറമ്പ് |
| പഞ്ചായത്ത് | : | വലിയപറമ്പ് |
| വാർഡ് | : | 3 |
| ബ്ലോക്ക് | : | നീലേശ്വരം |
| പ്രധാനാധ്യപിക | : | SHEFEEK N |
| SMC ചെയർമാൻ | : | അബ്ദുൽ റഷീദ് |
| പിടിഎ പ്രസിഡണ്ട് | : | PRAVEEN |
| മദർ പിടിഎ പ്രസിഡണ്ട് | : | NASILA |
| ഇമെയിൽ അഡ്രസ് | : | 12505glpsmadakkal@gmail.com |

# <u>ഉള്ളടക്കം</u>


- ആമുഖം
- ചരിത്രം
- അവസ്ഥാ വിശകലനം
- കാഴ്ചപ്പാട്
- ലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങളും വിശദാംശങ്ങളും
- ഉപസംഹാരം

# ആമുഖം

വലിയപറമ്പ് പഞ്ചായത്തിലെ മാടക്കാൽ എന്ന പ്രദേശത്താണ് ഈ വിദ്യാലയം. ഈ പ്രദേശത്തെ ജനങ്ങളെ വിദ്യാഭ്യാസപരമായും സാമൂഹികമായും ഉയർത്തിക്കൊണ്ടുവരുന്നതിൽ മുഖ്യ പങ്കുവഹിച്ച സ്ഥാപനമാണിത് .

അംഗീകാരമുള്ള പ്രീ പ്രൈമറി ക്ലാസ്സും ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളും ആണ് ഈ സ്കൂളിൽ നിലവിലുള്ളത് .

പ്രധാനാധ്യാപകൻ അടക്കം അഞ്ച് അധ്യാപകർ, PTCM, പ്രീ പ്രൈമറി ക്ലാസിൽ ഒരു അധ്യാപികയും ആയയും ഒരു കുക്കിംഗ് സ്റ്റാഫ് അടക്കം 9 പേരാണ് നിലവിൽ ഇവിടെ ജോലി ചെയ്യുന്നത്.

സ്കൂൾ കെട്ടിടങ്ങൾ ഒരേ കോമ്പൗണ്ടിൽ അല്ല എന്ന ഒരു ചെറിയൊരു അസൗകര്യമിവിടെയുണ്ട് . റോഡിന് ഇരുവശത്തുമായിട്ടാണ് ബിൽഡിങ്ങുകൾ നിലവിലുള്ളത് .ഒരു ഭാഗത്ത് മൂന്ന് നാല് ക്ലാസും അതോടൊപ്പം അടുക്കളയും, മറു ഭാഗത്ത് പ്രീ പ്രൈമറി, ഒന്ന്, രണ്ട് ക്ലാസുകളും സ്റ്റാഫ് റൂമും ഓഫീസുമാണ് നിലവിൽ സ്ഥിതി ചെയ്യുന്നത്.

# ചരിത്രം

ഗവണ്മെന്റ് പൊതുവിദ്യാലയങ്ങളുടെ പ്രസക്തിയും പ്രാധാന്യവും വർധിച്ചുവരുന്ന വർത്തമാനകാലത്ത് മാടക്കാലിന്റെ തിലകച്ചാർത്തായ മാടക്കാൽ ഗവ.ലോവർ പ്രൈമറി സ്കൂളിന്റെ പൂർവ്വകാലത്തെ ഒന്ന് കണ്ടാസ്വദിക്കാം. 1946 ൽ വിദ്യ, വരേണ്യ വർഗത്തിനായി മാത്രം സംവരണം ചെയ്യപ്പെട്ടപ്പോൾ , പാവപ്പെട്ടവന്റെ മക്കൾക്കും പിന്നോക്കക്കാർക്കും അത് നിഷേധിക്കപ്പട്ട ഒരു കാലത്ത് വിദ്യ നേടാനുള്ള ത്യാഗോജ്വലമായ ഒരു പോരാട്ടം മാടക്കാലിനും ഉണ്ടായി. അത്തരം പരിശ്രമങ്ങളുടെ ചരിത്രമാണ് മാടക്കാലിലെ ഈ കൊച്ചു വിദ്യാലയത്തിന് അറിയിക്കാനുള്ളത്. ജന്മിത്തം കൊടികുത്തിവാണ ഒരു കാലത്ത് മാടക്കാൽ പ്രദേശവും അതിന്റെ പിടിയിൽ ആയിരുന്നു. ഒരു നൂറ്റാണ്ടു മുമ്പ് മാടക്കാൽ ദ്വീപ് ഉടുമ്പുന്തലയിലെ നാല് പുരപാട്ടിൽ ഇബ്രാഹിം, ഹാജി മുഹമ്മദ് കുഞ്ഞി സാഹിബ് എന്നീ രണ്ടു വ്യക്തികളുടെ അധീനതയിലാരുന്നു .പതിനെട്ടു കുടുബംഗാളിലായി ഏകദേശം ഇരുന്നൂറു പേരായിരുന്നു അന്ന് ഈ ദ്വീപിലെ നിവാസികൾ .അവരിൽ ചിലർ ജന്മിമാരിൽ നിന്ന് പാട്ടത്തിനു എടുത്ത ,ഭൂമിയിൽ കൃഷി ചെയ്തിരുന്നു. കർഷക തൊഴിലാളികളും മൽസ്യത്തൊഴിലാളികളും അടങ്ങുന്ന ഓരോ കുടുംബത്തിനും നാലും അഞ്ചും കുട്ടികൾ ഉണ്ടായിരുന്നു .തങ്ങളുടെ മക്കൾക്ക് വിദ്യ ,ലഭ്യമാക്കുക എന്നത് മാതാ പിതാകളുടെ ജീവിതാഭിലാഷമായിരുന്നു .ഈ അഭിലാഷം പൂർത്തീകരിക്കുവാൻ ശ്രമം ആരംഭിച്ചു .സ്കൂൾ ഷെഡ് പണിതാൽ അധ്യാപകരെ സർക്കാർ ,ലഭ്യമാക്കും എന്നുള്ള വിവരം നാട്ടുകാരിൽ ആവേശം ഉണർത്തി .സ്കൂൾ ഷെഡ് നിർമാണത്തിന് ആവശ്യമായ ഭൂമി അനുവദിക്കുവാൻ നാട്ടുകാർ ജന്മിയെ സമീപിച്ചു .ജന്മിമാർ നിഷേധ നിലപാട് സ്വീകരിക്കുകയും ഭീഷണി മുഴക്കുകയും ചെയ്തു .നാട്ടുകാർ രഹസ്യമായി കൂടിയിരുന്നു ഏതു വിധേനെയും സ്കൂളിന് ആവശ്യമായ സ്ഥലം കണ്ടെത്താൻ ദൃഢനിശ്ചയം ചെയ്തു . അത്തരം സാഹചര്യത്തിൽ ജന്മിയിൽ നിന്ന് ഭൂമി വാങ്ങി കൃഷി ചെയ്തിരുന്ന കുറുപ്പിള്ളത് കുഞ്ഞിമോഇദീൻ സാഹിബ് എല്ലാ വെല്ലുവിളികളെയും അതിജീവിച്ചു സ്കൂളിന് ആവശ്യമായ സ്ഥലം നൽകി .തൊട്ടടുത്ത ദിവസം തന്നെ നാട്ടുകാരുടെ കൂട്ടായിമയിലൂടെ സ്കൂളിന് ഷെഡ് ഉയർന്നു .വിവരം അധികാരികളെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തുടങ്ങുന്നതിനു അനുമതി ലഭിക്കുകയും വിദ്യ പകർന്നു നൽകുവാൻ ഒരു അധ്യാപകനെ അനുവദിച്ചു തരികയും ചെയ്തു .ഈ ഗ്രാമത്തിൽ ആദ്യാക്ഷരം പകർന്നു നൽകുവാൻ നിയോഗിക്കപ്പെട്ട അധ്യാപകൻ ചന്തേരയിലെ കാണാരൻ മാസ്റ്റർ ആയിരുന്നു.

തുടക്കത്തിൽ നാല്പതു കുട്ടികൾ വിദ്യ അഭ്യസിച്ചു . നാട്ടുകാരുടെ ഇത്തരം പ്രവർത്തനങ്ങൾ ജന്മിമാരെ പ്രകോപിതരാക്കി .അക്കാലത്തെ ഈ ദ്വീപിലേക്കു എത്തിച്ചേരാൻ ഏക മാർഗം ജന്മിമാരുടെ അധികാരത്തിലുള്ള രണ്ടു കടത്തു തോണികൾ മാത്രമാണ് .സ്കൂളിലേക്ക് വരുന്ന അധ്യാപകനെയും മറ്റു ഉദ്യോഗസ്ഥന്മാരെയും ജന്മി ദ്വീപിലേക്കു കടത്തിവിട്ടില്ല .ജന്മി വിദ്യയെ ഭയക്കുന്ന നിമിഷങ്ങൾ നായാട്ടുകാർ കണ്ടു .അധ്യാപകനെ രഹസ്യമായി ദ്വീപിലെത്തിക്കാനുള്ള തന്ത്രങ്ങൾക്കു നാട്ടുകാർ രൂപം നൽകി .ഒരു വള്ളം ഏർപ്പാട് ചെയ്തു ദിവസവും രണ്ടു വീതം കുട്ടികളെ അധ്യാപകനെ സ്കൂളിലെത്തിക്കാനും തിരിച്ചു മറുകരയിലെത്തിക്കാനും ഏർപ്പാട് ചെയ്തു .ഈ ശ്രമം വിജയം കണ്ടു .അങ്ങനെ ഈ ദ്വീപിലും വിദ്യയുടെ പൊ കിരണം തെളിഞ്ഞു .ഇതോടെ ജന്മിമാർ കൂടുതൽ ക്രൂരന്മാരായി.സ്കൂളിനെ സ്ഥലം അനുവദിച്ച കുഞ്ഞിമോഇദീൻ സാഹിബിനു വളരെയധികം പീഢനങ്ങൾ സഹിക്കേണ്ടി വന്നു . തന്മൂലം,ആ അക്ഷര സ്നേഹിക്കു മലേഷ്യയിലേക്ക് നാട് കടക്കേണ്ടി വന്നു ,.

സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നാട്ടുകാർ കൂട്ടായിമയും സഹകരണവും അന്നും ഇന്നും ഒരുപോലെയാണ് .നാട്ടുകാരുടെ സഹകരണത്തോടെ പണിത ഓലഷെഡ് പുതുക്കി പണിയുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ നൽകിയത് ഓരോ വീറ്റുകാരാണ് .സ്കൂളിലെ അധ്യാപകന് ഉച്ച ഭക്ഷണം നൽകിയിരുന്നത് ഓരോ വീട്ടിൽനിന്നുമാണ് . വർഷങ്ങൾ പിന്നിടുംതോറും ഈ പ്രദേശത്തെ കുടുംബങ്ങളുടെ എണ്ണം വർധിക്കുകയും തന്മൂലം സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതായും വന്നു .മാടക്കലിലെ ചില സുമനസുകൾ ഇതിനുആവശ്യമായ സൗകര്യങ്ങൾ ചെയ്യുകയും ചെയ്തു .അക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒരു വ്യക്തിയാണ് ശ്രീ കുഞ്ഞിമോഇദീൻ ഹാജി .അദ്ദേഹമാണ് ജന്മിയിൽ നിന്ന് ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങിയത് . സ്കൂളിന് വേണ്ടി കെട്ടിടം നിർമിച്ചു പുതിയതിലേക്ക് പഠന പ്രവത്തനങ്ങൾ മാറ്റി .ആദ്യ കാലത്തു അഞ്ചാം ക്ലാസ്സ് വരെ ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്നു

# അവസ്ഥാ വിശകലനം

## 2025-26 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം

| | I | | II | | III | | IV | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| SC | – | - | - | - | - | 1 | - | - | - | 1 |
| ST | – | - | – | - | – | - | – | - | – | - |
| MUSLIM | 6 | 5 | 4 | 2 | 5 | 10 | 8 | 3 | 23 | 20 |
| GNERAL+OBC | 2 | 1 | 0 | 1 | 5 | 1 | 0 | 6 | 7 | 9 |
| CWSN | – | - | – | - | – | 1 | - | - | – | 1 |
| TOTAL | 8 | 6 | 4 | 3 | 10 | 12 | 8 | 9 | 30 | 30 |
| | 14 | | 7 | | 22 | | 17 | | 60 | |

## PRE PRIMARY

| BOYS | GIRLS | TOTAL |
|---|---|---|
| 9 | 5 | 14 |

## കാഴ്ചപ്പാട്

നിലവിൽ പ്രീ പ്രൈമറി ഉൾപ്പെടെ 74 കുട്ടികളാണ് പഠിക്കുന്നത് . 130 കുട്ടികളെങ്കിലും പഠിക്കുന്ന ഒരു സ്ഥാപനമാക്കി ഇതിനെ വളർത്തുക എന്നതാണ് മുന്നോട്ടുള്ള ലക്ഷ്യം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

| മാതൃഭാഷാ വികാസം | |
|---|---|
| വായന | ലൈബ്രറി ശക്തികരണം, വായനാക്കുറിപ്പ് തയ്യാറാക്കൽ, പത്രവായന ,മാധ്യമ ക്വിസ് ,ബാല മാസികകൾ, ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ, വർക്ക് ഷീറ്റ് ,പതിപ്പ് ,ദിനാചരണം ,നോട്ടീസ് തയ്യാറാക്കൽ, ഡയറിക്കുറിപ്പുകൾ |
| ഇംഗ്ലീഷ് | കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുന്നതിന് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ, ഐസിടി സാധ്യതപ്രയോജനപ്പെടുത്തൽ ,ന്യൂസ് പേപ്പർ, സ്റ്റോറി, ചാർട്ട്, വർക്ക് ഷീറ്റ് , വർക്ക് ഷീറ്റ്, പതിപ്പ്, ഇംഗ്ലീഷ് ഡേ |
| ഗണിതം | എല്ലാവർക്കും ഗണിത കിറ്റ് ,പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം, ഗണിതോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ, ഗണിത കളികൾ, ഗണിത ചിത്രങ്ങൾ, ചാർട്ട്, വർക്ക് ഷീറ്റ്, അബാക്കസ്, ഗണിത ശില്പശാല |
| പരിസര പഠനം | ഫീൽഡ് ട്രിപ്പ്, ശാസ്ത്ര ലാബ് വിപുലീകരണം, ,ജൈവവൈവിധ്യോദ്യാനം പ്രയോജനപ്പെടുത്തൽ, ദിനാചരണം, ഗ്രീൻ പ്രോട്ടോകോൾ |

| | |
|---|---|
| **പ്രവർത്തിപരിചയം** | ശില്പശാലകൾ ,കുട്ടികൾക്ക് മേളകൾക്ക് പരിശീലനം, വിവിധ മേഖല ബന്ധപ്പെട്ട് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ ,രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പരിശീലനം |
| **കല** | പരമാവധി കുട്ടികളെ മേളയിൽ പങ്കെടുപ്പിക്കാനുള്ള പരിശീലനം, ആഴ്ചയിൽ ഒരു ബാലസഭ, ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ |
| **കായികം** | മാസ്ഡ്രിൽ ആഴ്ചയിൽ മൂന്ന് ദിവസം, പോഷകാഹാരം മെച്ചപ്പെടുത്തൽ, കളി സ്ഥലം |
| **അസംബ്ലി** | രണ്ട് ദിവസം അസംബ്ലി, ഒരു ദിവസം കുട്ടികളുടെ അസംബ്ലി ,ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ,കുട്ടികളുടെ അവതരിപ്പിക്കൽ (വായനാക്കുറിപ്പ് ,പത്രം ,പ്രസംഗം ഡയറി ,കഥ...) |

## ഉപസംഹാരം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടുകൂടി തുടങ്ങിയ സമഗ്ര വിദ്യാലയ വികസനം ജനകീയ പങ്കാളിത്തത്തോടെയും കൂട്ടായ്മയുടെയും പൂർണ്ണതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് .പരിമിതികളെ സാധ്യതകളേക്കാനും വെല്ലുവിളികളെ തരണം ചെയ്യാനും അക്കാദമി മാസ്റ്റർ ഉപകരിക്കുന്നു .കൂട്ടായ്മയുടെ കരുത്തിൽ കൂടുതൽ കാര്യക്ഷമതയിലേക്ക് സമയബന്ധിതമായി പ്രവർത്തിപഥത്തിൽ എത്തിച്ചേരുമ്പോൾ ഏതൊരു സ്വപ്നവും പൂവണിയുന്നു. അക്കാദമവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ സമഗ്രമായ പുരോഗതി കൈവരിക്കുമ്പോൾ വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നു .സ്കൂളും നാടും നാട്ടുകാരും എന്നപോലെ ഉന്നതിയിലേക്ക് നീങ്ങുന്ന കാഴ്ച

നമുക്കിവിടെ ദർശിക്കാം .നമുക്ക് ഒത്തൊരുമിച്ചു കൂടുതൽ ലക്ഷ്യത്തോടെ പ്രവർത്തിക്കാം.